പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3736

19.03.2018- ൽ മറുപടിക്ക്

# തെരുവത്ത് കടവ് - കൊയക്കാട് - മുണ്ടോത്ത് - കിഴക്കോട്ട് കടവ് റോഡിന്റെ നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) | തെരുവത്ത് കടവ് - കൊയക്കാട് - മുണ്ടോത്ത് - കിഴക്കോട്ട് കടവ് റോഡിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും തെരുവത്ത് കടവ് - കിഴക്കോട്ട് കടവ് റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി റോഡ് നവീകരണത്തിനായി 2016-17-ൽ 06.09.2016-ലെ എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. 13.09.2017-ലെ എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി കി.മി. 3/850 മുതൽ 4/850 വരെ 10 ലക്ഷം രൂപയുടെ പ്രവൃത്തി റീടെണ്ടർ ചെയ്തിട്ടുണ്ട്. 24.01.2018-ലെ എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി കി.മി. 2/000 മുതൽ 3/850 വരെ 25 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ റോഡ് നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ; | |
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ അടിയന്തര അറ്റകുറ്റ പണികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്നും, ഇവയിൽ എത്ര കോടി രൂപയുടെ പ്രവൃത്തി ഇതുവരെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (സി) ബാലുശ്ശേരി മണ്ഡലത്തിൽ അടിയന്തര അറ്റകുറ്റ പണികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 2.62 കോടി രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. 2017-18-ൽ 28.04.2017-ലെ എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി അനുവദിച്ച 14 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. 13.09.2017-ലെ എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി അനുവദിച്ച 152 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ 40 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി. 80 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 32 ലക്ഷം രൂപയുടെ പ്രവൃത്തി റീടെണ്ടർ ചെയ്തിട്ടുണ്ട്. 24.01.2018-ലെ എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 96 ലക്ഷം രൂപയുടെ വിവിധ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ